(ബി) എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മേൽപറഞ്ഞ കമ്മിറ്റി ഇക്കാര്യം പഠിച്ചു വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

എക്സൈസ് ജീവനക്കാരുടെ പരിശീലനം

38 [3324] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പണം അനുവദിച്ചിട്ടും എക്സൈസ് ജീവനക്കാരുടെ പരിശീലന പദ്ധതി നീളാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വർഷങ്ങളായി ഗാർഡുകൾ ഉൾപ്പെടെയുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ശാസ്ത്രീയമായ ഒരു പരിശീലനവും ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ഗാർഡുകൾക്കും മറ്റ് ഉദ്യോഗസ്ഥന്മാർക്കും പരിശീലനത്തിന് പ്രത്യേക പാഠ്യപദ്ധതിയോ ആളുകളോ സ്ഥലമോ സ്വന്തമായി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഗാർഡുകൾ ഉൾപ്പെടെയുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന് നിലവിൽ സ്വന്തമായി ഒരു പരിശീലന കേന്ദ്രം ഇല്ല. ആയതിനാൽ പോലീസ് ട്രെയിനിംഗ് കോളേജ്, ഐ.എം.സി. തുടങ്ങിയ കേന്ദ്രങ്ങളെയാണ് പരിശീലനത്തിന് ആശ്രയിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു പരിശീലന കേന്ദ്രം ഇല്ലാത്തതാണ് ഇതിനുള്ള കാരണം. ആയത് ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) എക്സൈസ് ജീവനക്കാരുടെ പരിശീലനത്തിനുവേണ്ടി പ്രത്യേക പാഠ്യപദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തൃശ്ശൂർ ജില്ലയിൽ എക്സൈസ് വകുപ്പിന്റെ വക സ്ഥലത്ത് ഒരു ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയതു വഴി സമഗ്രമായ പരിശീലനം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(എഫ്) സ്വന്തമായി ഒരു പരിശീലന കേന്ദ്രം ആരംഭിച്ച് അതുവഴി ആധുനിക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു.

തിരുവനന്തപുരം ജില്ലയിലേക്കുള്ള എക്സൈസ് ഗാർഡ് നിയമനം

39 [3325] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലേക്കുള്ള എക്സൈസ് ഗാർഡ് തസ്തികയിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ നിന്ന് നാളിതുവരെയായി എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര ഒഴിവുകളുണ്ട്; അവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ എത്ര എക്സൈസ് ഗാർഡുമാർ സ്പെഷ്യൽ ഡ്യൂട്ടിയിലുണ്ട്; ഈ സ്ഥാപനങ്ങളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 114 പേരെ നിയമിച്ചു.

(ബി) 27 ഒഴിവുകൾ. അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 27 എക്സൈസ് ഗാർഡുമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ ചെക്ക് പോസ്റ്റുകളിൽ നിയമിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകൾ സർക്കാർ അംഗീകൃത ചെക്ക് പോസ്റ്റുകൾ അല്ലാത്തതിനാൽ ഇവയിലേക്ക് എക്സൈസ് ഗാർഡുമാരുടെ തസ്തിക അനുവദിച്ചിട്ടില്ല.

അന്നപൂർണ്ണ പദ്ധതി

40 [3327] ശ്രീ. ഉമേഷ് ചള്ളിയിൽ :

,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുവേണ്ടിയുള്ള അന്നപൂർണ്ണ പദ്ധതി സർക്കാർ വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി തുടർന്ന് കൊണ്ടുപോകാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly